LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. യിൽ റിസർവ് കണ്ടക്ടർമാരുടേയും എംപാനൽ ജീവനക്കാരുടേയും സ്ഥിരനിയമനം

199 (3988) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യിൽ റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ടോ ; എങ്കിൽ എത്ര ;

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇനിയും എത്ര ആളുകളെ നിയമിക്കുവാൻ നടപടികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) ആയതിലേക്ക് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എംപാനൽ ഇനത്തിൽ ഓരോ വിഭാഗത്തിലും എത്ര വീതം ആളുകൾ ജോലി ചെയ്യുന്നുവെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) അൺ അഡ്വൈസ്ഡ് എംപാനൽ കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) അൺ അഡ്വൈസ്ഡ് കണ്ടക്ടർമാരെ സ്ഥിരപ്പെടുത്തുമ്പോൾ ഇതിൽ നിന്നും പുതിയ റിസർവ്വ് കണ്ടക്ടർ ലിസ്റ്റിൽ ഉൾപ്പെട്ട് പോസ്റ്റിംഗ് ലഭിച്ചവർക്ക് സർവ്വീസിൽ സീനിയോറിറ്റി നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. 31-3-2010-ൽ വിരമിക്കൽ മൂലം സൃഷ്ടിക്കപ്പെട്ട 386 ഒഴിവുകളും പുതിയ JnNURM സർവ്വീസ് നടപ്പാക്കുന്നതിലൂടെ സൃഷ്ടിക്കപ്പെട്ട 306 ഒഴിവുകളും കെ. എസ്. ആർ. ടി. സി. യിൽ നിലവിലുണ്ട്.

(ബി&സി) കെ. എസ്. ആർ. ടി. സി. യിൽ നിലവിലുള്ള പുതിയ ഒഴിവുകളും പഴയ റാങ്ക് ലിസ്റ്റുകൾ മുഖേന ഉണ്ടായ NJD ഒഴിവുകളും കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചുകഴിഞ്ഞു. KPSC-യിൽ നിന്ന് ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് കെ. എസ്. ആർ. ടി. സി. നിയമനം നടത്തുന്നതാണ്.

(ഡി) 1-5-2010-ലെ കണക്കുകൾ പ്രകാരം ജൂനിയർ അസിസ്റ്റന്റ് വിഭാഗത്തിൽ 536 പേരും മെക്കാനിക്ക് വിഭാഗത്തിൽ 2936 പേരും കണ്ടക്ടർ വിഭാഗത്തിൽ 7204 പേരും ഡ്രൈവർ വിഭാഗത്തിൽ 2079 പേരും താൽക്കാലി കാടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. യുടെ ഞീഹഹൽ ഉണ്ട്.

(ഇ&എഫ്) അൺ അഡ്വൈസ്ഡ് എംപാനൽ കണ്ടക്ടർമാരെ സ്ഥിര പ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.